ജനയുഗം
JANAYUGOM
08-07-2026

# ലക്ഷദ്വീപിലെ ചൂര ഉല്പാദനം ഉയർത്തും

## ◆ ദ്വീപ് ഫിഷറീസ് വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറായി

കൊച്ചി: ലക്ഷദ്വീപിലെ വാർഷിക ചൂര (ട്യൂണ) ഉല്പാദനം അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 50000 ടണ്ണായി ഉയർത്തുന്നതുൾപ്പെടെയുള്ള പദ്ധതികളുമായി ദ്വീപ് മത്സ്യമേഖലയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന സംയുക്ത ഗുണഭോക്തൃ ചർച്ചയിലാണ് മാസ്റ്റർ പ്ലാനിന് അന്തിമരൂപം നൽകിയത്.

ചൂരപിടുത്തം നിലവിലുള്ളതിനേക്കാൾ ഇരട്ടിയലധികമാക്കാനാണ് ലക്ഷ്യമിടുന്നത്. ആഴക്കടൽ ചൂരപിടുത്തത്തിന്റെ വ്യാപനം, മാരികൾച്ചർ (കടൽ മത്സ്യകൃഷി), കടല്പായൽ കൃഷി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവ ഇതിൽപെടും. കേന്ദ്ര ഫിഷറീസ് വകുപ്പ്, ലക്ഷദ്വീപ് ഫിഷറീസ് വകുപ്പ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, സിഎംഎഫ്ആർഐ, സിഫ്റ്റ്, എംപിഇഡിഎ, സിഫ്നെറ്റ്, നിഫാറ്റ്, എഫ് എസ്ഐ എന്നിവയിലെ പ്രതിനിധികൾ, ലക്ഷദ്വീപിൽ നിന്നുള്ള മത്സ്യത്തൊഴിലാളികൾ, സംരംഭകർ, സഹകരണ സംഘം ഭാരവാഹികൾ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.

ലക്ഷദ്വീപ് ഫിഷറീസ് വികസനത്തിന്റെ നോഡൽ ഏജൻസിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് സിഎംഎഫ്ആർഐയാണ്. അടുത്ത അഞ്ച് വർഷത്തേക്ക് മത്സ്യോല്പാദനം വർധിപ്പിക്കുന്നതിനായിരിക്കും ഭരണകൂടം പ്രഥമ പരിഗണന നൽകുകയെന്ന് യോഗം ഉദ്ഘാടനം ചെയ്ത ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് ഐ എഫ് എസ് പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ഡോ മുഹമ്മദ് കോയ, ഡോ കാഞ്ചി ഭാർഗവി തുടങ്ങിയവർ സംസാരിച്ചു.